ഉത്തരം

(എ) അനുബന്ധം – എ†-യിൽ കൊടുത്തിരിക്കുന്നു.

(ബി) പദ്ധതികളുടെ പൂർത്തീകരണം പുരോഗമിച്ചുവരുന്നു.

(സി) & (ഡി) അനുബന്ധം – എ†-യിൽ കൊടുത്തിരിക്കുന്നു.

(ഇ) തദ്ദേശസ്വയംഭരണ വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അതിനായുള്ള ക്യാബിനറ്റ് സബ്കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും അവലോകനം ചെയ്യാറുണ്ട്. ഇതുകൂടാതെ, റോഡ് വികസനത്തിനായി സ്ഥലമെടുപ്പ് തർക്കപരിഹാര സമിതി, വിവിധ വകുപ്പ് മേധാവികൾ ഉൾപ്പെടുന്ന യൂട്ടിലിറ്റി ഡിപ്പാർട്ടുമെന്റ് എന്നീ കമ്മിറ്റികളും പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്.

പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച നിവേദനങ്ങൾ

3 [5] *ശ്രീ. കെ. വി. മോഹനൻ:*

" എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ആകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നൽകിയ ഉത്തരവുകളിൽ എത്രയെണ്ണം നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ആകെ 96,901 പരാതികൾ ലഭിച്ചു.

(ബി) നൽകിയ ഉത്തരവുകളിൽ 45,823 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

നൂറുദിന കർമ്മപദ്ധതിയുടെ നിർവ്വഹണം

4 [6] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപദ്ധതികൾ ഏതൊക്കെയായിരുന്നു എന്നും പ്രഖ്യാപിച്ച പദ്ധതികൾ ഓരോന്നും ഇതിനകം എത്ര മാത്രം നടപ്പിൽവരുത്തിയിട്ടുണ്ടെന്നും വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

---

†അനുബന്ധം – III.

LIBRARY ARCHIVES Kerala Legislative Assembly